**ലേഖനം**

കാല്പനികതയ്ക്കു
ഭാവതലത്തിന്റെ
കറുത്തപൊട്ട്



**മണർകാടു മാത്യു**

1

എഞ്ചിൻ ഡ്രൈവറെ
സ്നേഹിച്ച പെൺകുട്ടി എന്ന
നോവലിന് എഴുതിയ
ആമുഖക്കുറിപ്പ്

# കാല്പനികതയ്ക്കു ഭാവതലത്തിന്റെ കറുത്തപൊട്ട്

## മണർകാടു മാത്യു

നാൻസി റൊമാന്റിക് ആണ്. പ്രേമവതിയാണ്. അതിനപ്പുറവും ചിലതു കൂടിയാണ്. അവൾ സമൂഹത്തെ കുമ്പസാരക്കൂട്ടിൽ വിസ്തരിക്കുന്നു. വെറുപ്പോടെയല്ല. സ്നേഹത്തോടെ തന്നെ. എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി എന്ന നോവലിലെ നാൻസിക്കു അങ്ങനെയാവാനേ കഴിയൂ. ഹരികുമാറിന്റെ മാനസപുത്രിക്കു മനുഷ്യനെ വെറുക്കാനാവില്ല. അവനിലെ തിന്മയെ മാത്രമേ വെറുക്കാനാവൂ. അവൾ കഥാകാരന്റെ മനസ്സിനോടു പറ്റിച്ചേർന്നു നിൽക്കുന്നു. മനുഷ്യ സ്നേഹത്തിന്റെയും പ്രത്യാശയുടെയും കൈക്കുടന്നയ്ക്കു ള്ളിൽ മാനവിയതയുടെ കൈത്തിരി കാത്തു സൂക്ഷിക്കുന്നവരാണ് ഹരികുമാറിന്റെ കഥാപാത്രങ്ങൾ. മനുഷ്യ നന്മയിൽ പ്രതീക്ഷയർപ്പിക്കുന്നവർ. അതിൽ വിശ്വസി ക്കുന്നവർ.

ഹരിയുടെ 'വിശ്വാസി' എന്ന കഥയിലെ ചന്ദനത്തിരി വില്പനക്കാരൻ എന്റെ മുന്നിൽ നിൽക്കുന്നു. ജീവിതത്തകർച്ചയിൽ നിന്നു കരകയറാൻ ശ്രമിക്കുന്ന ഒരാൾ. സ്വന്തം തകർച്ചയിലും അയാൾക്കു മനുഷ്യനിലുള്ള വിശ്വാസം നഷ്ടപ്പെടുന്നില്ല. വാഗ്ദാന ങ്ങളും പ്രതീക്ഷകളുമായി കടന്നു വരുന്ന ഒരു മോഹൻപിള്ളയുണ്ട് കഥയിൽ. കഥാനായകന്റെ ഉള്ളിലെ പ്രതീക്ഷയുടെയും മോഹത്തിന്റെയും ആൾരൂപം. വാഗ്ദാനങ്ങൾ പാലിക്കാതെ അയാൾ അപ്രത്യക്ഷനാകുമ്പോഴും നിരാശയിൽ തലകുത്തിവീണ് സ്വയം പഴിച്ച് കഥാനായകൻ 'മരിക്കു'ന്നില്ല. താൻ ഒറ്റയ്ക്കല്ല. പരാജിതർ അനേകരുണ്ട് ഈ ലോകത്തിൽ എന്ന സാർവ്വജനീനഭാവം. അവരും അനുകമ്പയർഹിക്കുന്ന വരാണെന്ന ബോധം അയാളെ രക്ഷിക്കുന്നു. തന്റെ പരാജയത്തിലും ജീവിതപാതയിൽ മറ്റുള്ളവർക്കു വേണ്ടി വഴിമാറാൻ അയാൾക്കൊരു മനസ്സുണ്ട്. റെസ്റ്റോറന്റിൽ ചന്ദനത്തിരി വിൽക്കാൻ നിൽക്കുമ്പോൾ അതേ ഉൽപന്നം വിൽക്കാനെത്തുന്ന കിഴവനോടു അയാൾക്കു അനുകമ്പയേ തോന്നുന്നുള്ളു. പ്രലോഭനങ്ങളുടെ പ്രതീകമായ മോഹൻപിള്ള അപ്രത്യക്ഷമാകുമ്പോഴും അയാളെ പഴിക്കാതെ സ്വയം അടങ്ങുകയാണയാൾ.

ജീവിതത്തിൽ എല്ലാം തകർന്ന ഒരാളുടെ കഥയ്ക്കു (ദിനോസോറിന്റെ കുട്ടി) ശേഷമാണ് 'വിശ്വാസി' എഴുതിയതെന്നതു കഥാകാരനെ സംബന്ധിച്ചു പ്രസക്തമാണ്:

**ജീവിതബന്ധിയായ പ്രസക്തി**

*'വിശ്വാസി എന്റെ ജീവിത ദർശനത്തിന്റെ കഥയാണ്'* ഹരികുമാർ. *'എന്റെ ജീവിതത്തിന്റെ ഒരേട്. അതിലെ പ്രതീകങ്ങൾ കരുതിക്കൂട്ടി ഉണ്ടാക്കിയതല്ലെങ്കിലും എന്റെ ജീവിതത്തിന്റെ പ്രതിഫലനമായി മാറിയതു എന്നെത്തന്നെ അദ്ഭുതപ്പെടുത്തി. എന്റെ തൊഴിലായ കാസറ്റ് ബിസിനസിനു പകരം ചന്ദനത്തിരി കച്ചവടമായതു യാദൃച്ഛികമാണ്.' അയാളുടെ (പ്രധാന കഥാപാത്രം) അച്ഛനും ചന്ദനത്തിരി കച്ചവടമായിരുന്നെന്ന് പറയുന്നുണ്ട്. കുട്ടിക്കാലത്തു 'തന്റെ വീട്ടിൽ എന്തു വാസനയാണ്' എന്നു കഥയിൽ കൂട്ടുകാർ പറയുമ്പോൾ ഞാൻ അബോധ പൂർവ്വമായെങ്കിലും എന്റെ കുട്ടിക്കാലവും അച്ഛന്റെ കവിതാ വാസനയുമാണ് ഓർത്തിട്ടുണ്ടാവുക. അതേ തൊഴിൽ മകനും ചെയ്യുന്നു എന്നതും സാഹിത്യത്തെ പ്പറ്റിത്തന്നെയാവണം. എന്റെ സാഹിത്യത്തെ ആരും ഗൗരവപൂർവ്വം എടുക്കുന്നില്ലെന്ന തോന്നലായിരിക്കണം കഥയിൽ ചന്ദനത്തിരി കച്ചവടത്തിലും പ്രതിഫലിച്ചു കാണുന്നത്. അച്ഛനും വയസ്സുകാലത്ത് ആ തോന്നലുണ്ടായിരുന്നിരിക്കണം.'*

'സൂര്യകാന്തിപ്പൂക്കളിൽ' ശുഭാപ്തി വിശ്വാസിയാണ് കഥാകാരൻ.

ജനിച്ചു വളർന്ന അന്യനാട്ടിൽ നിന്നു അച്ഛന്റെ ദുരന്തത്തിനു സാക്ഷിയായി നാട്ടിലേക്കു മടങ്ങുമ്പോൾ കഥയുടെ കേന്ദ്രബിന്ദുവായ ആ ബാലൻ ആകെ കരുതിവച്ചത് ഭാവിയിലേക്കു മുളപൊട്ടി പൂവിടാൻ ഏതാനും സൂര്യകാന്തിവിത്തുകൾ മാത്രമായിരുന്നു. അതു വഴിക്കു കൈവിട്ടുപോകുമ്പോൾ അയാൾ ചെന്നെത്തുന്നത് നഷ്ടബോധത്തിന്റെയും ആത്മാനുകമ്പയുടെയും ആത്മനിന്ദയുടെയും അനുഭവങ്ങളി ലാണ്. പക്ഷെ നാളുകൾക്കുശേഷം അയാൾ ആ വഴി വരുന്നു. അപ്രതീക്ഷിതമായി തന്നെ എതിരേൽക്കുന്നതു സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിടർന്നു വികസിച്ച സൂര്യകാന്തിയുടെ പൂങ്കാവനം. കഥ വായിച്ചു നിർത്തുമ്പോൾ ഞാൻ ഓർത്തു ഒരു ബൈബിൾ വാക്യം. 'നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക. കുറഞ്ഞോന്നു കഴിഞ്ഞു നിനക്കതു തിരിച്ചു കിട്ടും.'

**ലേഖനം**

കാല്പനികതയ്ക്കു ഭാവതലത്തിന്റെ കറുത്തപൊട്ട്



**മണർകാടു മാത്യു**

2

‘രൂപം നഷ്ടപ്പെട്ട മൃഗങ്ങൾ’ – മനശാസ്ത്രജ്ഞനോടു ചോദിച്ചാൽ പറയും; അതു sibling rivalry യുടെ കഥയാണ്. വാസുവിന്റെ മിടുക്ക് ജ്യേഷ്ഠൻ രാഘവനെ അസൂയാലുവാക്കുന്നു. (ഹരിയോട് എന്തോ ബാല്യബന്ധമുണ്ട് രാഘവന് എന്ന് എനിക്കു ചിലപ്പോഴൊക്കെ തോന്നിയിട്ടുണ്ട്. രാഘവനും വാസുവും മൊട്ടച്ചിയുമൊക്കെ ‘മറ്റൊരു ലോകത്തിൽ മറ്റൊരു കാലത്തിൽ’ എന്ന കഥയിലും പ്രത്യക്ഷപ്പെടുന്നു.) അസൂയ പകയായും പക ഹത്യാഭിമുഖ്യമായും രൂപം മാറുമ്പോൾ രാഘവൻ വാസുവിനെ മരണത്തിന്റെ ഒഴുക്കിലേക്കു തള്ളിവിടുന്നു. പക്ഷെ പെട്ടെന്നു മരണത്തിന്റെ ഭീകരരൂപം അവൻ തിരിച്ചറിയുന്നു. ഉള്ളിന്റെ ഉള്ളിലെ സ്നേഹവും കാരുണ്യവും പാഞ്ഞെത്തി മരണത്തെ തോല്പിക്കുന്നു. സ്നേഹം ‘സുഖദമായൊരു മന്ത്രം പോലെ പ്രലോഭിപ്പിക്കുന്ന സംഗീതം പോലെ’ എന്നാണ് ഹരി എഴുതുന്നത്. കാരണം ഹരിയുടെ കഥാപാത്രം കൊലപാതകിയാവാനാവില്ല.

കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും പ്രതിനിധികളെ എമ്പാടും നിരത്തുന്നുണ്ട് ഹരി തന്റെ കഥകളിൽ; അധികവും വൃദ്ധകഥാപാത്രങ്ങളാണ്. പല തലങ്ങളിൽ എന്നെ സ്പർശിക്കുന്ന കഥയാണ് ‘വളരെ പഴകിയ ഒരു പാവ.’ ഒരു തീവണ്ടിയാത്രയിലുണ്ടാകുന്ന സംഭവമാണ് ഇതിവൃത്തം. മോഷ്ടാവെന്നു തെറ്റിദ്ധരിക്കപ്പെടുകയും അപമാനിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്യുന്ന വൃദ്ധൻ അപമാനം സഹിക്കാനാവാതെ തീവണ്ടിയിൽ നിന്നു ചാടി ആത്മഹത്യ ചെയ്യുന്നു; ഹൃദയത്തോടു ചേർത്തുപിടിച്ചു കൊണ്ടു നടന്ന പാവക്കുട്ടിയെ തന്റെ ദുരന്തജീവിതത്തിനു സാക്ഷിയായി വിട്ടിട്ട്.

പാവക്കുട്ടി, മയിൽപ്പീലി, പച്ചപ്പയ്യ്, തുമ്പപ്പൂവ്, മഞ്ചാടിക്കുരു, കുന്നിക്കുരു, കൂറ, ദിനോസർ തുടങ്ങിയ പ്രതീകങ്ങൾ ഹരിയുടെ കഥകളിൽ രചനാശില്പത്തിനു ചാരുത ചാർത്തുന്നു. ‘പഴയൊരു ഭീഷണിക്കാരി’ എന്ന കഥയിൽ ബാല്യത്തിൽ താനറിയാതെ കേടു വരുത്തിയ പാവക്കുട്ടി ഒരു പേടിസ്വപ്നം പോലെ നിർമലയെ പിന്തുടരുന്നു. മുതിർന്ന് അമ്മയായിട്ടും. ഒരു കല്യാണത്തിനു നാട്ടിലെത്തുന്ന അവൾ തറവാട്ടിലെത്തുന്നത്, പാവക്കുട്ടിക്കു ഭീഷണിയുടെ പരിവേഷമണിയിച്ച വാസന്തിയെ കാണാനല്ല. ആ പാവക്കുട്ടിയെ കാണാനാണ്. പാവകുട്ടിയുടെ ‘അമ്മ’യിൽ നിന്നു സമാശ്വാസം കിട്ടാനാണ്. ‘പച്ചപ്പയ്യിനെ പിടിക്കാൻ’ എന്ന കഥയിൽ പച്ചപ്പയ്യ് പണത്തിന്റെ പ്രതീകമാണ്. ദരിദ്രന്റെ മോഹപ്രതീക്ഷകളുടെ പ്രതീകം. (ഇതൊരു നാട്ടിമ്പുറ വിശ്വാസം കൂടിയാണ്) കൂറകൾ നമ്മിൽ വെറുപ്പും അസ്വാസ്ഥ്യവുമുണ്ടാക്കുന്നു. അതിന്റെ സാന്നിദ്ധ്യം നാം ഇഷ്ടപ്പെടുന്നില്ല. ഒഴിവാക്കാൻ നാം ആഗ്രഹിക്കുന്നു. വേണ്ടാത്ത ഒരു ഗർഭം അതു ഒഴിവാക്കാൻ ശ്രമിക്കുന്നതിന്റെ കുറ്റബോധം. കഥയുടെ വൈകാരികമായ അടിയൊഴുക്ക് അതാണ്. ദിനോസർ കഥാവശേഷമായ കാലത്തെ പ്രതിനിധാനം ചെയ്യുന്നു. കാലത്തിനു ചേരാത്ത, തകർച്ചയുടെ പ്രതീകമാണു ദിനോസർ. അതിന്റെ കുട്ടിയെ മകൻ സ്വപ്നങ്ങളിൽ ലാളിക്കുമ്പോൾ അതിനോടു പൊരുത്തപ്പെടാൻ ശ്രമിക്കുന്ന അച്ഛൻ തന്റെ തകർച്ചയുടെ ആഴമറിയുന്നു.

**അവശേഷിക്കുന്ന ബാല്യം**

ഹരിയുടെ ബാല്യത്തിന്റെ അനുഭവങ്ങളിൽ നിന്നും മോഹങ്ങളിൽ നിന്നും മോഹഭംഗങ്ങളിൽ നിന്നുമൊക്കെ കഥകളിലേക്കു കുടിയേറുന്നവയാണ് പാവക്കുട്ടിയും മയിൽപ്പീലിയും പച്ചപ്പയ്യും തുമ്പപ്പൂവും ഒക്കെ. (ഒരു പക്ഷെ ദിനോസർ പിൽക്കാല വായനയിലൂടെ കൈവരിച്ചതാവാം.) അനുഭവസമ്പന്നമായ ബാല്യം ഒട്ടേറെ കഥാപാത്രങ്ങളും കഥാസന്ദർഭങ്ങളും ഹരിക്കു നൽകി.

*‘രണ്ടു തരത്തിൽ കുട്ടിക്കാലം എന്റെ കഥകളിൽ വരുന്നുണ്ട്. ഒന്ന്, കുട്ടികളുടെ കഥ പറയുക വഴി എന്റെ കുട്ടിക്കാലം പുനർനിർമിക്കുക. ഉദാഹരണം: രൂപം നഷ്ടപ്പെട്ട മൃഗങ്ങൾ, താമസി, വിഷു എന്നിവ. രണ്ട്, വർത്തമാനകാലവും കുട്ടിക്കാലവും ഒരു ഊഞ്ഞാൽ പോലെ ആടുന്ന കഥകൾ. വർത്തമാനകാലത്തിൽ നിന്നു സ്വന്തം കുട്ടിക്കാലത്തേക്കു ഊളിയിട്ടു ശാന്തി തേടുന്ന കഥാപാത്രങ്ങൾ. കുട്ടിക്കാലം എന്തെന്തു വിഷമങ്ങളുണ്ടായിരുന്നാലും എന്നെ സംബന്ധിച്ചിടത്തോളം അഭികാമ്യമായിരുന്നു. വിശപ്പറിഞ്ഞിരുന്നു. പഠിക്കുന്ന കാലം മുഴുവൻ മിക്കവാറും ഒരു ജോഡി വസ്ത്രങ്ങളേ ഉണ്ടായിരുന്നുള്ളു. പുസ്തകം വാങ്ങാൻ കഴിയാതെ മറ്റു സ്നേഹിതന്മാരെ ആശ്രയിക്കേണ്ടി വന്നു. ഫീസ് പിഴകൂടാതെ കൊടുത്ത ഓർമയില്ല. അങ്ങനെയൊക്കെയായിരുന്നെങ്കിലും. കുട്ടിക്കാലത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സിനു എന്തെന്നില്ലാത്ത ആശ്വാസം ലഭിക്കുന്നു. ‘കുട്ടിക്കാലത്ത് എപ്പോഴും വെയിലുണ്ടായിരുന്നു’ എന്ന് ഒരു കഥയിൽ പറയുന്നതു കുട്ടിക്കാലത്തെ എന്റെ മാനസിക നിലയെപ്പറ്റിയായിരിക്കണം. ഭൂതകാലത്തേക്കു പ്രത്യേകിച്ചും കുട്ടിക്കാലത്തേക്കു ഉൾവലിയുന്ന കഥാപാത്രങ്ങളുടെ സൃഷ്ടി ഈ പശ്ചാത്തലത്തിലായിരുന്നിരിക്കണം. കുട്ടിക്കാലം സാന്ത്വനമരുളുന്നു. ഈ പ്രചോദനമാണ് ‘കുങ്കുമം വിതറിയ വഴികൾ’, ചുമരിൽ ചിത്രമായി മാറിയ അച്ഛൻ, ദിനോസറിന്റെ കുട്ടി, ഒരു കങ്ഫൂഫൈറ്റർ,*

എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി എന്ന നോവലിന് എഴുതിയ ആമുഖക്കുറിപ്പ്

**ലേഖനം**

കാല്പനികതയ്ക്കു ഭാവതലത്തിന്റെ കറുത്തപൊട്ട്



**മണർകാടു മാത്യു**

3

എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി എന്ന നോവലിന് എഴുതിയ ആമുഖക്കുറിപ്പ്

*ഡോ. ഗുറാമിയുടെ ആശുപത്രി, കാനഡയിൽ നിന്നൊരു രാജകുമാരി, പഴയൊരു ഭീഷണിക്കാരി, അമ്മു പറഞ്ഞ കഥ, ചിരിക്കാനറിയാത്ത കുട്ടി, അരുന്ധതിയുടെ പൈങ്കിളിക്കവിതകൾ, ഏറ്റവും മഹത്തായ കാഴ്ച, മറ്റൊരു ലോകത്തിൽ മറ്റൊരു കാലത്തിൽ, പുഴക്കക്കരെ കൊച്ചു സ്വപ്നങ്ങൾ, കളിക്കാലം, ശ്രീപാർവ്വതിയുടെ പാദം എന്നീ കഥകളുടെ ഉറവിടം'*– ഹരികുമാർ.

എന്നാൽ ഹരിയുടെ കഥകൾ വെറും കുട്ടിക്കഥകളല്ല. കുട്ടികളെ സാക്ഷി നിർത്തി മുതിർന്നവരുടെ കഥയും പറയുന്നു. പ്രവാസിയുടെ ദുഃഖങ്ങളും തിക്കുമുട്ടലുകളും, ബാല്യകാല കുസൃതി അവശേഷിപ്പിക്കുന്ന പാപബോധം, പഴയ ഒരു പ്രേമബന്ധത്തിന്റെ നഷ്ടബോധം, സാമ്പത്തിക തകർച്ചയുടെ വേദന, തകർന്ന ദാമ്പത്യങ്ങളുടെ ബലിയാടുകളായിത്തീരുന്ന കുട്ടികൾ, ദാരിദ്ര്യദുഃഖത്തെ കപടമായ പ്രസന്നതകൊണ്ടു മറയ്ക്കാൻ നടത്തുന്ന പരിശ്രമത്തിന്റെ പരാജയം, ബാല്യത്തോടുള്ള കടമകൾ മറക്കുന്ന മുതിർന്നവരുടെ അഹമ്മതി തുടങ്ങി സമൂഹം പ്രതിക്കൂട്ടിൽ നിർത്തേണ്ട പ്രവണതകളിലൂടെ കഥാകൃത്ത് തന്നെ വ്യാകുലപ്പെടുത്തുകയും അസ്വസ്ഥമാക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന സമസ്യകളുടെ അർത്ഥതലങ്ങൾ തേടിപ്പോകുന്നു.

വാർദ്ധക്യത്തിന്റെ പ്രശ്നങ്ങൾ പ്രമേയമാക്കുമ്പോഴും പ്രമേയത്തിന്റെ വാക്യാർത്ഥത്തിനും നേർചിന്തയ്ക്കും അപ്പുറം കടന്ന് തത്വചിന്താപരമായ ജീവിത സമസ്യകളുടെ നിർദ്ധാരണത്തിനു കഥാകാരൻ ശ്രമിക്കുന്നുണ്ട്. ഉദാഹരണം 'വളരെ പഴകിയ പാവ' എന്ന കഥതന്നെ. ഹരി: *ഈ കഥയെഴുതുമ്പോൾ എന്റെ അബോധമനസ്സിൽ ഉണ്ടായിരുന്നതു പിക്കാസോയുടെ ഗോർണിക്ക എന്ന ചിത്രമായിരുന്നു. എനിക്കിഷ്ടപ്പെട്ട ചിത്രമാണ് ഗോർണിക്ക. ഈ ചിത്രത്തിൽ ഒരു കിഴവനുണ്ട്.* The proverbial wiseman *എന്നാണ് നിരൂപകർ അയാളെ വിശേഷിപ്പിക്കുന്നത്. ലബറിന്തിൽ (ചുറ്റിക്കറങ്ങുന്ന ഉൾവഴികളുള്ള ഗുഹ) മനുഷ്യശിരസ്സും മൃഗത്തിന്റെ ഉടലുമുള്ള മിനട്ടോർ എന്ന ഭീകര രൂപി, വിളക്കു പിടിച്ച പെൺകുട്ടിയെ കൊല്ലാനായുമ്പോൾ ഈ കിഴവൻ കോണികയറി രക്ഷപ്പെടുകയാണ്. 'കാടത്തം നാടു ഭരിക്കുമ്പോൾ ജ്ഞാനം കാടുകയറുന്നു' എന്ന അർത്ഥത്തിൽ ഒരു ചൊല്ലുണ്ട്.'*

പ്രാകൃതനായ തോട്ടക്കാരൻ, പൂച്ചെടിവിൽക്കുന്നവർ നുണ പറയില്ല തുടങ്ങിയ കഥകളിലും വാർദ്ധക്യത്തിന്റെ കർമപഥങ്ങളിൽ നാളെയുടെ ഉൽക്കണ്ഠകളിൽ വിചാരങ്ങളെ അന്വേഷിക്കുന്നുണ്ട് കഥാകാരൻ. സഹതാപവും അനുകമ്പയും സ്നേഹവും അർത്ഥിക്കുന്ന വരും അർഹിക്കുന്നവരുമാണ് ഹരിയുടെ വൃദ്ധ കഥാപാത്രങ്ങൾ. *'അച്ഛനോടുള്ള മനോഭാവമായിരിക്കണം വൃദ്ധകഥാപാത്രങ്ങൾക്കു മിഴിവു കൊടുക്കാൻ എന്നെ പ്രേരിപ്പിച്ചത്. അച്ഛനെക്കുറിച്ചുള്ള ഓർമകൾ പേടിയുടെയും ആദരവിന്റെയും സർവ്വോപരി കടുത്ത സ്നേഹത്തിന്റേതുമാണ്. അച്ഛൻ എഴുതുകയാണെങ്കിൽ ഞങ്ങൾ കുട്ടികൾ തീരെ ബഹളമുണ്ടാക്കാറില്ല. അച്ഛൻ സാധാരണയിൽ നിന്നു വ്യത്യസ്തനാണെന്ന ബോധം കുട്ടിക്കാലം തൊട്ടേ ഉണ്ടായിരുന്നു. അച്ഛനെ സ്വന്തമായി കിട്ടില്ലെന്ന ബോധവും. കവിതയും നാടകവും എഴുതുന്നതിനു പുറമെ അച്ഛൻ കലാ സാംസ്കാരിക മണ്ഡലങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്നു. വീട്ടിലെത്താൻ വൈകിയിരുന്ന അച്ഛനെ കാത്ത് പടിക്കലേക്ക് പ്രത്യേകിച്ച് ഇടിയും മഴയുമുള്ള സന്ധ്യകളിൽ ഉൽക്കണ്ഠയോടെ നോക്കിയിരുന്ന എന്റെ ചിത്രം ഓർമയിൽ വരുന്നു. അച്ഛൻ വന്നാലേ സമാധാനമാകൂ. ചിലപ്പോൾ തോന്നാറുണ്ട്, അച്ഛന്റെ വിരളമായ സാന്നിദ്ധ്യം കൊണ്ടു തൃപ്തനാകാതെ, അച്ഛന്റെ ശ്രദ്ധയാകർഷിക്കാനുള്ള വഴിയായിട്ടായിരിക്കണം ഞാൻ സാഹിത്യപ്രവർത്തനം തുടങ്ങിയത്*: ഹരി.

**നഷ്ടമാകുന്ന നാട്ടിൻപുറം**

അച്ഛൻ – വീട് – നാട്. മാങ്ങാറിച്ചെടികൾ എന്ന കഥയിലെ ഒരു വാചകം: 'വീട്ടിൽ സാമ്പത്തിക സ്ഥിതി മോശമായിരുന്നു. ക്രൂരമായി ശിക്ഷിക്കുന്ന അധ്യാപകർക്കും സാമ്പത്തിക തകർച്ചയുടെ മന:ക്ലേശം മൂലം സദാ വെറി പിടിച്ചു കൊണ്ടിരുന്ന അച്ഛനമ്മമാർക്കും ഇടയിൽ പത്തുവർഷങ്ങൾ നഷ്ടപ്പെട്ടുപോയിരുന്നു.' പരിമിതമായ ചുറ്റു പാടുകളിൽ ജീവിതം തേടി മറുനാടൻ നഗരങ്ങളിൽ അഭയം തേടുന്ന മലയാളിയുടെ ഗൃഹാതുരത്വം ഈ വാക്കുകളിലും തുടർന്നുള്ള വിവരണങ്ങളിലും കാണുന്നു. ബോംബെ നഗരത്തിൽ നിന്നു നാട്ടിലെത്തുന്ന ഒരു പ്രവാസിയുടെ ഒരു രാത്രിയുടെ അനുഭവമാണ് മാങ്ങാറിച്ചെടികൾ. തനിക്കു അന്യമാകുന്ന നാടിന്റെ ഗന്ധത്തെ ക്കുറിച്ചുള്ള നഷ്ടബോധത്തിന്റെ കഥയാണ് ഇത്. ഹരിയുടെ ആദ്യകാല കഥകളിൽ പ്രവാസിയുടെ അനുഭവങ്ങളും പിൽക്കാല കഥകളിൽ ഈ നഷ്ടബോധവും നിറഞ്ഞു നിൽക്കുന്നു.

ഹരികുമാറുമായി പരിചയപ്പെട്ടത് എന്നാണെന്ന് കൃത്യമായി ഓർക്കുന്നില്ല.

**ലേഖനം**

കാല്പനികതയ്ക്കു ഭാവതലത്തിന്റെ കറുത്തപൊട്ട്



**മണർകാടു മാത്യു**

4

എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി എന്ന നോവലിന് എഴുതിയ ആമുഖക്കുറിപ്പ്

എന്നായാലും അതിനു വളരെ മുമ്പേ ഞാൻ ഹരിയുടെ കഥകൾ വായിച്ചു തുടങ്ങിയിരുന്നു. കൂടുതൽ അടുത്തതും കഥകൾ ചർച്ചാവിഷയമായതും 'ആസക്തിയുടെ അഗ്നിനാളങ്ങൾ' എന്ന നോവലിന്റെ പണിപ്പുരയിലാണെന്നു ഓർക്കുന്നു. അച്ഛന്റെ (ഇടശ്ശേരി ഗോവിന്ദൻ നായരുടെ) കൃതികളുടെ സമാഹാരത്തിന്റെ പ്രകാശനച്ചടങ്ങിൽ ആശംസ നേരാൻ ഹരി എന്നെ ക്ഷണിച്ചിരുന്നു. നിർഭാഗ്യവശാൽ അന്നു ബന്ദായി. ക്ഷമാപണം അർത്ഥിച്ച് അയച്ച കത്തിനു ഹരിയുടെ മറുപടിയായി വന്നത് സമാഹാരത്തിന്റെ ഒരു പ്രതിയായിരുന്നു. അതേത്തുടർന്ന്, ഇടശ്ശേരിക്കവിതകൾ ഞാൻ കമ്പോടുകമ്പു വായിച്ചു. പൂതപ്പാട്ട്, കാവിലെപ്പാട്ട്, പൊട്ടി പുറത്ത് ശിവോതി അകത്ത് എന്നീ കവിതകൾ എന്നെ ഏറെ ആകർഷിച്ചു. മനുഷ്യേന്ദ്രിയങ്ങൾക്കു അനുഭവാതീതമായ പ്രകൃത്യതീതപ്രതിഭാസങ്ങളെ മനുഷ്യചേതനയും വികാരങ്ങളുമായി സമന്വയിപ്പിച്ചു പ്രത്യേകമായ ഒരനുഭൂതി വിശേഷം സൃഷ്ടിക്കുന്നു കവി എന്നാണ് എനിക്കു വായനയിൽ അനുഭവപ്പെട്ടത്.

### മെറ്റഫിസിക്കൽ തലങ്ങളിൽ

ഇത്തരം പ്രതിഭാസങ്ങൾ എന്നും എന്റെ കൗതുകം ഉണർത്തുന്നു. നമുക്കു കാണാനും കേൾക്കാനും തൊടാനും മണക്കാനും രുചിക്കാനും കഴിയാത്ത പലതും ഈ പ്രപഞ്ചത്തിലുണ്ട്! മനുഷ്യനു കാണാൻ കഴിയാത്ത പ്രകാശങ്ങളും കേൾക്കാൻ കഴിയാത്ത ശബ്ദങ്ങളും ശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞല്ലോ എങ്കിൽ മനുഷ്യാനുഭവങ്ങളുടെ സീമകൾക്കതീതമായ എന്തെല്ലാം പ്രതിഭാസങ്ങൾ ഇന്നും മനുഷ്യന്റെ അന്വേഷണങ്ങൾക്കു പിടി കൊടുക്കാതെ അവശേഷിക്കുന്നുണ്ടാവണം. ഹരി അവയെക്കുറിച്ചുള്ള ശങ്കയിലാവണം. ഒരു പഴയ ഓസ്റ്റിൻ കാർ, വടക്കു നിന്നൊരു സ്ത്രീ, ആശ്രമം ഉറങ്ങുകയാണ്, ജംറയിലെ ചെകുത്താൻ, മറ്റൊരു ലോകത്തിൽ മറ്റൊരു കാലത്തിൽ, ഒരു തണുത്തകാറ്റായി അവൻ തുടങ്ങിയ കഥകളിൽ ഈ ശങ്ക വായനക്കാരിൽ നിറയ്ക്കുന്നു.

'ആസക്തിയുടെ അഗ്നിനാളങ്ങൾ' എന്ന നോവലിൽ ഹരികുമാർ ഈ ശങ്കയിൽ നിന്നു നിർദ്ധാരണവ്യഗ്രമായ മറ്റൊരു സമസ്യയിലേക്കു കടക്കുന്നു. പുനർജന്മ വിശ്വാസത്തിലൂടെ മനുഷ്യമോഹങ്ങളെ കാലങ്ങളായി അലട്ടിക്കൊണ്ടിരിക്കുന്ന ഒരു സമസ്യയിലേക്ക്. – ഭോഗാസക്തിയും ഭക്തിയും അതിന്റെ പാരമ്യത്തിൽ ലഹരിയാകുന്നു. ജഡികമായ മാംസനിബദ്ധതയിലും ആത്മവിശുദ്ധിയുടെ വൈരാഗ്യത്തിലും ലഹരി ഭിന്നഭാവങ്ങളുൾക്കൊള്ളുന്നു. സംഘർഷാത്മകമായ ഈ ഭാവങ്ങൾ ജന്മാന്തരങ്ങളിൽ നിലനിൽക്കുമോ? ഒരു ജന്മത്തിൽ ഉണ്ടാകാതെ പോയ മോഹസാഫല്യം മറ്റൊരു ജന്മത്തിൽ നേടാൻ കഴിയുമോ? കഴിഞ്ഞെങ്കിൽ, എന്നാണ് യുഗാന്തരങ്ങളിലൂടെ മനുഷ്യൻ മോഹിച്ചു കൊണ്ടിരിക്കുന്നത്. വളരെയേറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ള വിഷയം ഹരികുമാർ കഥയായി പറയുമ്പോൾ അതു ആസ്വാദനീയമാകുന്നു.

ശാസ്ത്രത്തിലാണ് ഹരിയുടെ അന്വേഷണത്തിന്റെ തുടക്കം, ശാസ്ത്രത്തിന്റെ വഴിയിൽ കണ്ടുമുട്ടിയ ബാല്യസംശയങ്ങളെ ഫിക്ഷനൈസ് ചെയ്യുന്നു ഹരി ഇപ്പറഞ്ഞ കഥകളിൽ. ഹരികുമാർ എന്ന കഥാകാരൻ എന്നുമൊരു നാട്ടിമ്പുറത്തു കാരനാണ്. നഗരവും നാഗരികമെന്നു വിശേഷിപ്പിക്കപ്പെടുന്ന വിപണന സംസ്കാരവും കൂടി വിഴുങ്ങുന്ന കേരളീയ ജീവിതത്തിന്റെ ഗ്രാമ്യഭാവങ്ങളെയും നമുക്കു നഷ്ടമാകുന്ന നാട്ടിമ്പുറത്തിന്റെ നന്മകളെയും കുറിച്ചു ഉൽക്കണ്ഠാകുലനാണു ഈ കഥാകാരൻ. ശ്രീപാർവ്വതിയുടെ പാദം, മാങ്ങാറിച്ചെടികൾ എന്നീ കഥകളിൽ ഗ്രാമ്യമായ പ്രകൃതി ഭംഗികളോടൊപ്പം ശാലീനമായ സ്നേഹോഷ്മളതയും ചേർന്നൊരുക്കുന്ന വിരുന്ന് നമ്മെ ഹരം പിടിപ്പിക്കുന്നു. 'മാങ്ങാറിച്ചെടികളി'ൽ കൊയ്ത്തു കഴിഞ്ഞ പാടത്തെ മാങ്ങാറിച്ചെടികൾ, ഓണപ്പൂക്കൾ, പുഴയിലെ കുളി, ദേവീക്ഷേത്രത്തിൽ നിന്നു കേൾക്കുന്ന ദീപാരാധനയ്ക്കുള്ള കൊട്ടിന്റെ മന്ത്രധ്വനി തുടങ്ങി തനിക്കു നഷ്ടമാകുന്ന ഗ്രാമസൗഭഗ വരദാനങ്ങളെ പ്രവാസിക്കു ഓർമപ്പെടുത്തുന്നു.

### മഴ, കഥകളിൽ

സന്ധ്യയുമായി ആർത്തലച്ചെത്തുന്ന മഴയും വെള്ളം കെട്ടി നിൽക്കുന്ന പാടങ്ങളും വാഴത്തടിച്ചങ്ങാടങ്ങളും കൊച്ചണക്കെട്ടുകളിൽ നിന്നു വാർന്നൊഴുകുന്ന തെളിനീരിന്റെ വിശുദ്ധിയും ഗ്രാമജീവിതത്തിന്റെ സജീവ സാന്നിദ്ധ്യമായി പലകഥകളിലും നിറയുന്നുണ്ട്. 'ശക്തിയുള്ള കാറ്റടിക്കുമ്പോൾ ചുമർ വച്ച ഓല മറകളിൽ കൂടി തണുപ്പു അകത്തു നുഴഞ്ഞു കയറും, തണുപ്പ് എല്ലുകൾ വരെ കടന്നുവന്ന് ഒരു പുഴുവിനെപ്പോലെ കരളും. കഷ്ടപ്പാടുള്ള കാലമായിരുന്നു മഴക്കാലം' (മധുവിധു) മഴ തോർന്ന് വെയിലുദിച്ചപ്പോൾ മണ്ണിൽ ദൈവത്തിനു എണ്ണകൊടുക്കുന്ന പുഴുവുണ്ടായിരുന്നു. (രൂപം നഷ്ടപ്പെട്ട മൃഗങ്ങൾ). വേനലിന്റെ അവസാനത്തിൽ മഴ വന്നു. കുളങ്ങളും പുഴകളും നിറഞ്ഞൊഴുകിയപ്പോൾ ഞാൻ പനിയായി കിടന്നു.

**ലേഖനം**

കാല്പനികതയ്ക്കു
ഭാവതലത്തിന്റെ
കറുത്തപൊട്ട്



**മണർകാടു മാത്യു**



(ഞാൻ, നിന്നിൽ). അവൾ, കുട്ടിക്കാലത്തു കനത്ത മഴയ്ക്കുശേഷം ഇറയത്തു വീണ വെള്ളം വലിയ ചാലുകളായി ഒഴുകുമ്പോൾ കടലാസു തോണികൾ ഒഴുക്കിയിരുന്നത്, അയാളോടു പറഞ്ഞു. മഴപെയ്തു നനഞ്ഞ മണ്ണിൽ ചെടികളുടെ വിത്തുകൾ മുളച്ചു കുമ്പിട്ടു നിൽക്കുന്ന വിശാലമായ പറമ്പുള്ള ഒരു വീട്ടിലെ കുട്ടിക്കാലം അയാൾ ഓർത്തു. നിറഞ്ഞൊഴുകുന്ന കുളം, അതിൽ വാഴത്തടികൾ കൂട്ടിയിട്ട് ചങ്ങാടമുണ്ടാക്കി തുഴഞ്ഞു കളിച്ചത്, പുതുതായി കിളുർത്ത ഇലകളുടെ മാദകഗന്ധം, വൈകുന്നേരം വിരിയുന്ന പിച്ചിപ്പൂക്കളുടെ മണം' (മണിയറയിൽ നിന്നു ഓടിപ്പോയവർ). ശ്രീപാർവ്വതിയുടെ പാദം എന്ന കഥയിൽ നിറഞ്ഞു നിൽക്കുന്നതു മഴയാണ്.

ഹരി: *'മഴക്കാലത്തെപ്പറ്റി രണ്ടു വ്യത്യസ്തചിത്രങ്ങളാണ് മനസ്സിലുള്ളത്.' ഒന്ന്, സന്തോഷത്തിന്റെയും ഹർഷാരവത്തിന്റെയും. മറ്റത് ഭയത്തിന്റേതും. ആദ്യമഴ ഒരു ഇരമ്പലോടെ അകലെനിന്നു വരുന്നതു കേൾക്കുമ്പോൾ ഞങ്ങൾ കുട്ടികൾ ആഹ്ലാദഭരിതരാകുന്നു. മുറ്റം മുഴുവൻ ഓടിനടക്കുന്നു. അമ്മ, ഉണക്കാൻ അയലിൽ വിരിച്ച വസ്ത്രങ്ങൾ വാരിയെടുക്കുന്ന തിരക്കിലാവും. അല്ലെങ്കിൽ കയ്പയ്ക്കയോ പയറോ കൊണ്ടാട്ടം ഉണക്കാൻ പായയിലിട്ടതു വാരി പാത്രങ്ങളിൽ നിറയ്ക്കുകയാവും. അതു മുഴുമിപ്പിക്കും മുമ്പേ പറന്നെത്തുന്ന മഴയിൽ അമ്മയും മക്കളും നനഞ്ഞുകുതിരും. ഞങ്ങൾ ഉമ്മറത്തും ഇടനാഴിയിലും മഴയേക്കാൾ ഇരമ്പമുണ്ടാക്കി ഓടി നടക്കും.'*

*'ആദ്യമഴ വളരെക്കാലത്തിനുശേഷം വന്നെത്തുന്ന ഇഷ്ടപ്പെട്ട അതിഥിയാവും. അതു ദിവസങ്ങൾ മാത്രം. അതിഥി പെട്ടെന്നു അസ്വീകാര്യനാകുന്നു. സ്ക്കൂൾ തുറക്കുന്നതു മഴക്കാലത്താണ്. കുടയുണ്ടായെന്നു വരില്ല. മഴയില്ലാത്ത തക്കം നോക്കി പുറപ്പെടണം. രണ്ടു കിലോമീറ്റർ ദൂരം താണ്ടണം. അതിന്നും പേടിസ്വപ്നമായവശേഷിക്കുന്നു.'*

*'മഴക്കാലം അപകടങ്ങളുടെ കാലവുമാണ്. ഓരോ വാർത്തകൾ വരാൻ തുടങ്ങുന്നു. സ്ക്കൂളിനു മുന്നിലെ ചെരുപ്പുകുത്തി വൈദ്യുത ക്കമ്പിയിൽ തൊട്ടു മരിച്ചത്. മഴയത്തു സ്ക്കൂൾ കെട്ടിടം വീണു കുട്ടികൾ മരിച്ചത്. വെള്ളപ്പൊക്കത്തിൽ വീടുകൾ ഒലിച്ചുപോയത്. ഭാരതപ്പുഴ കവിഞ്ഞൊഴുകുന്നു. അവ വയലുകളെ സമുദ്രങ്ങളാക്കുന്നു. അതിൽ ഒഴുകിവരുന്നത് വീട്ടുസാമാനങ്ങൾ, ചത്തമൃഗങ്ങൾ. ചിലപ്പോൾ മനുഷ്യശരീരങ്ങളും. മഴക്കാലം ദുഃഖം കൊണ്ടുവരുന്നു.'*

*'എന്റെ ആദ്യകാല കഥകളിലാണ് കുട്ടിക്കാലത്തെ പ്രത്യേകതയായി മഴ കടന്നു വന്നിട്ടുള്ളത്. നീണ്ട പ്രവാസത്തിൽ പൊന്നാനിയും പൊന്നാനിയിലെ തിമർത്തു പെയ്യുന്ന മഴയും നഷ്ടപ്പെടുകയാണുണ്ടായത്.'*

*'പിറന്ന നാട് എനിക്കു ഒന്നും തന്നില്ല. ഒന്നും ചെയ്തു തന്നില്ല. ആ ബോധം സൃഷ്ടിച്ച കഥയാണു നഗരം. സ്വന്തം നഗരം ധീരോദാത്തതയുടെ മുഖം വലിച്ചെറിഞ്ഞു ജീർണിക്കുകയും തനിക്കു അപരിചിതമായ സ്ഥലമാവുകയും ചെയ്യുന്നത് സ്വയം നാശത്തിന്റെ വക്കത്തെത്തിയ ഒരാൾ നിസ്സഹായനായി നിൽക്കുന്നതാണു കഥ.'* – ഹരി.

### അന്യജീവിതങ്ങളുടെ ദുരന്തങ്ങളിൽ

പാവപ്പെട്ട തൊഴിലാളിസ്ത്രീ, ദരിദ്രബാലിക, തെരുവുവേശ്യ, തെരുവു സർക്കസുകാർ തുടങ്ങി സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരുടെ ജീവിതം നാം പുറമെ കാണുന്നതിൽ നിന്നു എത്ര വിഭിന്നമാണെന്നും നമ്മുടെ ഭാവനയ്ക്കുമപ്പുറത്ത് എത്ര ദുരിതപൂർണമാണെന്നുമുള്ള തിരിച്ചറിവ് കഥാകാരന്റെ സർഗചേതനയെ അസ്വസ്ഥമാക്കി. ആ അസ്വാസ്ഥ്യത്തിൽ നിന്നു പിറവിയെടുത്തവയാണ് 'ഒരു ദിവസത്തിന്റെ മരണം' 'പച്ചപ്പയ്യിനെ പിടിക്കാൻ', 'തീപ്പെട്ടിക്കൊള്ളിതുമ്പിലെ ജീവിതം', 'പുഴക്കക്കരെ കൊച്ചുസ്വപ്നങ്ങൾ', 'അലക്കുയന്ത്രം', 'അപാരസാധ്യതകളുള്ള യന്ത്രം', 'ദേശാടനക്കിളിപോലെ അവൾ', 'തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം', 'ഏറ്റവും മഹത്തായ കാഴ്ച' എന്നീ കഥകൾ.

### സെക്സ്: വിശുദ്ധാനുഭവം

സെക്സ് വിശുദ്ധമാണ്. ആർഷചിന്തയിൽ അതു ഉർവരതയുടെ പ്രതീകമാണ്. ജീവജാലങ്ങളുടെ നിലനില്പിന്നു പ്രചോദനമായി ഈശ്വരൻ കല്പിച്ചു നൽകിയ വരം, അതു അനുഭവിക്കുന്നതു വിശുദ്ധമായി വേണം. പരസ്പര സ്നേഹത്തിൽ മാത്രമേ വിശുദ്ധിയുടെ അനുഭവമുണ്ടാകൂ. സ്നേഹമില്ലാത്ത ലൈംഗികത പാപമാണ്, വ്യഭിചാരമാണ്. അതിനു ആനന്ദവും നിർവൃതിയും നൽകാനാവില്ല. നൈമിഷികമായ പൊട്ടിത്തെറിക്കലിന്റെ അനന്തരാനുഭവം വെറുപ്പും കുറ്റബോധവുമായിരിക്കും. 'കോമാളി' എന്ന കഥയിലൂടെ പറയുന്നത് ഇതാണ്. നൈരാശ്യത്തിനും മടുപ്പിനുമിടയിൽ കഴിയുന്ന അയാൾ വേശ്യയുടെ ഒപ്പം പോകുന്നു. സ്നേഹമില്ലാത്ത

എഞ്ചിൻ ഡ്രൈവറെ
സ്നേഹിച്ച പെൺകുട്ടി എന്ന
നോവലിന് എഴുതിയ
ആമുഖക്കുറിപ്പ്

**ലേഖനം**

കാല്പനികതയ്ക്കു ഭാവതലത്തിന്റെ കറുത്തപൊട്ട്



**മണർകാടു മാത്യു**

6

യാന്ത്രികപ്രവർത്തനം. 'കുളിമുറിയിൽ നിന്നു പുറത്തു കടന്നപ്പോൾ അയാൾ പശ്ചാത്തപിച്ചു: ഞാനെന്തിനിതു ചെയ്തു. എന്തായിരുന്നു അതിന്റെ ആവശ്യം' അയാൾ സ്വയം വെറുക്കുന്നു. 'തിമാർപ്പൂർ', 'തീരെപ്രതീക്ഷിക്കാത്ത ഒരു ദിവസം' എന്നീ കഥകളിൽ മറിച്ചാണു സംഭവം. അപരിചിതരായി കണ്ടുമുട്ടുന്ന പുരുഷനും സ്ത്രീയും പരസ്പരം സ്നേഹിച്ചു പോകുന്നു. സ്നേഹത്തിന്റെ വഴിയിലൂടെയാണ് അവർ ലൈംഗീകതയുടെ അനുഭവത്തിലെത്തിച്ചേരുന്നത്. അതു സംതൃപ്തി നൽകുന്നു. ഓർമയിൽ കരുതേണ്ട അനുഭൂതിയായി അവശേഷിക്കുന്നു. *'സ്നേഹമെന്ന വികാരമില്ലെങ്കിൽ ഭാര്യാ – ഭർത്തൃബന്ധം പോലും അഭികാമ്യമല്ല. വേശ്യാവൃത്തിക്കു തുല്യമാണത് എന്ന വിശ്വാസക്കാരനാണു ഞാൻ'*, – ഹരി.

**കഥയുടെ പരിണാമങ്ങൾ: കഥാകാരനും**

'കൂറകൾ' മുതൽ 'ദൂരെ ഒരു നഗരത്തിൽ' എന്ന സമാഹാരത്തിലെ കഥകൾ വരെ വായിക്കുമ്പോൾ കാലത്തിലൂടെ കടന്നു പോകുന്ന കഥാകാരനു ഒപ്പം നടക്കുന്ന തോന്നലുണ്ടാകുന്നു. പ്രമേയവും ഇതിവൃത്തവും കാലദേശങ്ങൾക്കൊപ്പം മാറുന്നു. കഥാകാരനിലൂടെ കഥകൾക്കും വന്ന മാറ്റം വായനക്കാരനു തൊട്ടറിയാൻ കഴിയുന്നു.

ഹരികുമാർ: *'കൂറകൾ' എന്ന സമാഹാരത്തിലുൾപ്പെടുത്തിയ അറുപതുകളിലെഴുതിയ കഥകൾ എന്റെ ആദ്യകാല പരീക്ഷണങ്ങളാണ്. അക്കാലത്ത് ഞാൻ സാഹിത്യത്തേക്കാൾ ബന്ധപ്പെട്ടിരുന്നത് ചിത്ര, ശില്പകലകളുമായിട്ടായിരുന്നു. അറുപതുവരെ ഞാൻ സാഹിത്യത്തിന്റെ ലോകത്തു തന്നെയായിരുന്നു. അറുപതുകളുടെ തുടക്കത്തിൽ ഒരു പുതുവിശ്വാസിയുടെ വീറോടെ ഞാൻ ചിത്രകലയുടെ ലോകത്തേക്കു പ്രവേശിച്ചു. കെ. സി. എസ് പണിക്കരുടെ ശിഷ്യന്മാരായ ഒരുപാടു പേരുടെ കൂട്ടുകെട്ട് അതിനു പ്രേരകമാവുകയുണ്ടായി. പക്ഷെ ഞാൻ വരച്ചില്ല. എഴുതുകയാണു ചെയ്തത്. മധുവിധു, ഞാൻ നിന്നിൽ, വെള്ളക്കുതിരയുടെ രാജകുമാരൻ പിന്നെ ഒരു പരിധി വരെ ശിശിരവും. ഈ കഥകളിൽ ചിത്ര, ശില്പകലകളുടെ സ്വാധീനം പ്രകടമാണ്.'*

*'എഴുപതുകളിലാണ് രണ്ടാംഘട്ടം തുടങ്ങുന്നത്, ബോംബെയിൽ വച്ച്. ഞാൻ കൽക്കത്തയിൽ നിന്നു ഡൽഹിയിൽ വന്നത് എഴുപതിലാണ്. 72 – ൽ ദില്ലിയിൽ നിന്നു ബോംബെയിലെത്തി. എഴുപത്തിരണ്ടിൽ ദില്ലിയിൽ വച്ചു തന്നെയാണ്, 'പ്രാകൃതനായ തോട്ടക്കാരൻ' എഴുതിയത്. എന്റെ പരിണാമശൃംഖലയിലെ ആദ്യഘട്ടത്തിന്റെ അവസാനമായിരുന്നു അത്. അതിനു ശേഷം മൂന്നു വർഷത്തെ മൗനമായിരുന്നു. ജോലി സംബന്ധമായ പ്രശ്നങ്ങളായിരുന്നു കാരണം. സർക്കസിലെ കുതിര, കോമാളി, എന്നീ കഥകൾ പ്രശ്നത്തിന്റെ നേരിട്ടുള്ള പ്രതിഫലനമാണ്. ഇനി എഴുതാൻ പറ്റില്ലെന്നു തോന്നിച്ച മൂന്നു വർഷത്തെ ഇടവേളയ്ക്കു ശേഷം എഴുതിയതാണ്: 'കുങ്കുമം വിതറിയ വഴികൾ'. അതിനു ശേഷമെഴുതിയ പല കഥകളിലും ബോംബെ നഗരം പശ്ചാത്തലത്തിലുണ്ടായിരുന്നു.'*

*'1983 – ലാണ് ഞാൻ ബോംബെ വാസമുപേക്ഷിച്ചു നാട്ടിലെത്തുന്നത്. തൃശൂരിൽ രണ്ടു വർഷം താമസിച്ചശേഷം 85 – ൽ എറണാകുളത്തു സ്ഥിര താമസമാക്കി. തൃശൂരിൽ നിന്നു എഴുതിയ രണ്ടു കഥകളാണ് ദിനോസോറിന്റെ കുട്ടിയും വെറുമൊരു ബ്ലാക്ക് മെയ്ലറും, ഭൗതികമായി എല്ലാം നഷ്ടപ്പെട്ട കാലമായിരുന്നു. കടുത്ത മാനസികസംഘർഷത്തിന്റെ കാലം.'*

*'പിന്നെയും രണ്ടു വർഷത്തെ മൗനം. 1987 ലാണ് 'സൂര്യകാന്തിപ്പൂക്കൾ' എഴുതിയത്. ഇതൊരു ഉയിർത്തെഴുന്നേല്പിന്റെ കഥയാണ്. ജീവിത വീക്ഷണം മാറിയതിന്റെ കഥ. അതിനു ശേഷമെഴുതിയ കഥകൾ മൂന്നാം ഘട്ടത്തെ കുറിക്കുന്നു. ഞാൻ ഉള്ളിലേക്കല്ലാതെ പുറത്തേക്കു നോക്കാൻ തുടങ്ങി. മറ്റുള്ളവരുടെ കഥകൾ പറയാൻ തുടങ്ങി. അവയിൽ പലതിലും പ്രത്യക്ഷമായോ പരോക്ഷമായോ എന്റെ ആത്മാംശം വരുന്നുണ്ടെങ്കിലും ഊന്നൽ മറ്റുള്ളവരുടെ ജീവിതത്തിനായിരുന്നു. ശ്രീപാർവ്വതിയുടെ പാദം എന്ന സമാഹാരത്തിലെ മിക്ക കഥകളും പുതിയ ഘട്ടത്തിന്റെ തുടക്കം കുറിക്കുന്നു. അടുത്ത സമാഹാരമായ 'സൂക്ഷിച്ചുവച്ച മയിൽപ്പീലി'യിലെ കഥകളിൽ ഒന്നോ രണ്ടോ കഥാപാത്രങ്ങൾക്കു എന്റെ ഛായയുണ്ടെങ്കിലും 'ഞാൻ' വരുന്നേയില്ല. പച്ചപ്പയ്യിനെ പിടിക്കാൻ, ദൂരെ ഒരു നഗരത്തിൽ എന്നീ സമാഹാരങ്ങളിലെ കഥകളും അന്യരുടെ തട്ടകത്തിൽ നിന്നെഴുതിയവയാണ്.'*

ഇതിനപ്പുറവുമുണ്ട് ഹരികുമാർ കഥകളിൽ വ്യതിയാനം. രചനയുടെ ശൈലിയിൽ, ഭാഷാപ്രയോഗത്തിൽ പ്രമേയ സ്വീകരണത്തിൽ ഒക്കെ മാറ്റങ്ങൾ കാണുന്നു. അറുപതുകളിലെയും എഴുപതുകളിലെയും കഥകൾ സ്വാനുഭവങ്ങളുടെ പ്രതിഫലനങ്ങളാണെങ്കിലും ആത്മാവിന്റെ സ്വരം നേർത്തതാണ്. സ്വാനുഭവം ആർജവബുദ്ധിയോടെ ആത്മകഥയാക്കാം. കഥയുടെ നരേഷനിലേക്കു വരുമ്പോൾ അതു മറ്റുള്ളവരിൽ ആരോപിക്കപ്പെടുമ്പോൾ ക്രാഫ്റ്റിൽ ശരിയായ ശിക്ഷണം

എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി എന്ന നോവലിന് എഴുതിയ ആമുഖക്കുറിപ്പ്

**ലേഖനം**

കാല്പനികതയ്ക്കു
ഭാവതലത്തിന്റെ
കറുത്തപൊട്ട്



**മണർകാടു മാത്യു**

7

എഞ്ചിൻ ഡ്രൈവറെ
സ്നേഹിച്ച പെൺകുട്ടി എന്ന
നോവലിന് എഴുതിയ
ആമുഖക്കുറിപ്പ്

പ്രാപിച്ചിട്ടില്ലെങ്കിൽ കൃത്രിമച്ചുവയുണ്ടാവുക സ്വാഭാവികം. സ്വന്തമായ ഒരു ഹരികുമാർ ശൈലി ആവിഷ്കരിക്കപ്പെട്ടതു എൺപതുകളുടെ പകുതിക്കു ശേഷമെഴുതിയ കഥകളിലാണ്. സൂക്ഷിച്ചു വച്ച മയിൽപ്പീലി, പച്ചപ്പയ്യിനെ പിടിക്കാൻ, പഴയൊരു ഭീഷണിക്കാരി, ഏറ്റവും മഹത്തായ കാഴ്ച, ദേശാടനക്കിളിപോലെ അവൾ, അരുന്ധതിയുടെ പൈങ്കിളി കവിതകൾ, ചിരിക്കാനറിയാത്ത കുട്ടി, തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം തുടങ്ങിയ കഥകളിൽ ഭാഷാപ്രയോഗത്തിലും സുശിക്ഷിതത്വം പ്രാപിച്ചു കാണുന്നു. ആദ്യകാലകഥകളിൽ പ്രത്യേകിച്ചു സെക്സ് കൈകാര്യം ചെയ്യുമ്പോൾ ഭാഷ അല്പം പ്രാകൃതമായി തോന്നുന്നു. കോമാളി, തീരെ പ്രതീക്ഷിക്കാത്ത ഒരു ദിവസം എന്നീ കഥകൾ അടുത്തടുത്തു വച്ചു വായിക്കുമ്പോൾ അതു വ്യക്തമാകും.

ദാരിദ്ര്യമെന്ന ശാപം പേറുന്നവരെക്കുറിച്ചുള്ള പല കഥകളുടെയും അന്ത്യത്തിൽ പ്രത്യാശ തിരനോട്ടം നടത്തുന്നുണ്ട്. കഥാകൃത്തു പറയുന്നത് അതു കാല്പനികമാണെന്നാണ്. *'എഴുത്തുകാരന്റെ ശുഭാപ്തിവിശ്വാസം അസ്തമയത്തിനു മുമ്പുള്ള മഴവില്ലാണ്. അയാൾ സ്വയം വഞ്ചിതനാകാൻ ഇഷ്ടപ്പെടുന്നു.'* സ്വന്തം പ്രതീക്ഷകൾക്കു ഇരയായിത്തീരുന്ന കഥാകാരൻ. കാല്പനികതയുടെ വർണധാവള്യത്തിലും വിക്റ്റിമൈസേഷന്റെ (സ്വയം ബലിയാടാകുന്നതിന്റെ) നേരിയ ഒരു കറുത്ത രേഖ കഥകൾക്കു മേലെ വരയ്ക്കാൻ അദ്ദേഹം മറക്കുന്നില്ല. കാല്പനികത പൂർണമാക്കുന്ന കറുത്ത രേഖ, കാല്പനികതയെ കൂടുതൽ സുന്ദരമാക്കുന്ന ഭാവതലത്തിന്റെ കറുത്തപൊട്ട്!

ആധുനികമോ അത്യന്താധുനികമോ ഹരിയുടെ കഥകൾ എന്നു വിവേചിക്കാനോ തരംതിരിക്കാനോ എനിക്കറിയില്ല. ഞാനൊരു സാധാരണവായനക്കാരൻ. പക്ഷെ ഒരു കാര്യം ഈ വായനക്കാരൻ തിരിച്ചറിയുന്നു: ഹരികുമാർ കാല്പനികതയുടെ കഥാകാരനാണ്. മാനവികതയിലെ കാല്പനിക ഭാവത്തിന്റെ കഥാകാരൻ.

*ഹരികുമാറിന്റെ*
*'എഞ്ചിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി'*
*എന്ന നോവലിന്റെ ആമുഖകുറിപ്പിൽനിന്ന്.*